## വഴിവെളിച്ചം

# നല്ല കൂട്ടുകാരനും ചീത്ത കൂട്ടുകാരനും

عَن أَبى مُوسَى الأَشْعَرِي رَضِي الله عَنْه عَنِ النّبي ﷺ قَالَ: مَثَلُ الْجَلِيسِ الصّالِح وَالسّوءِ كَحَامِلِ الْمِسْك وَنَافِخِ الْكِير ، فَحَامِلُ الْمِسْك إِمّا أَن يُحذِيك ،وإِمّا أَن تَبْتَاعَ مِنْهُ ، وَإِمّا أَن تَجِدَ مِنْهُ رِيحًا طَيّبَةً ، وَنَافِخُ الْكِيرِ إِمّا أَنْ يَحْرِقَ ثِيَابَكَ ،وَإِمّا أَن تَجِدَ رِيحًا خَبِيثَةً

***അബൂമൂസൽ അശ്അരി(റ)യിൽനിന്ന്: പ്രവാചകൻ(സ) പ്രസ്താവിച്ചു: "നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ കസ്തൂരിവാഹകനെയും ഉലയിൽ ഊതുന്നവനെയും പോലെയാണ്. കസ്തൂരിവാഹകൻ അതിൽനിന്ന് വല്ലതും നിനക്ക് നൽകിയേക്കാം. അല്ലെങ്കിൽ നിനക്കത് വിലകൊടുത്തു വാങ്ങാം. അതുമില്ലെങ്കിൽ നല്ല വാസനയെങ്കിലും നിനക്ക് ലഭിക്കും. ഉലയിൽ ഊതുന്നവനാകട്ടെ ഒന്നുകിൽ നിന്റെ വസ്ത്രം കരിച്ചുകളയും, അല്ലെങ്കിൽ ദുഷിച്ച ഗന്ധം നിനക്ക് അനുഭവിക്കേണ്ടിവരും."***

**(ബുഖാരി –നമ്പർ: 5534–, മുസ്‌ലിം ഉദ്ധരിച്ചത്)**

ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളിൽ ഒന്നാണ് അവന്റെ കൂട്ടുകെട്ട്. ഒരാളുടെ സ്വഭാവരൂപീകരണത്തിലും വ്യക്തിത്വ സംരചനയിലുമെല്ലാം കൂട്ടുകാർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നല്ല കൂട്ടുകാരുമായി ഇടപഴകി ജീവിക്കുമ്പോൾ നല്ല ശീലങ്ങളും സ്വഭാവങ്ങളും ഒരാളിൽ വളർന്നുവരുന്നു. ചീത്ത കൂട്ടുകെട്ടുകളിൽ മുഴുകുന്നവർക്ക് അത്തരക്കാരിൽനിന്ന് മലിനമായ സ്വഭാവചര്യകളും ജീവിതരീതികളുമാണ് കിട്ടുക. ഒരു പ്രവാചകവചനം ഇപ്രകാരമാണ്: "മനുഷ്യൻ അവന്റെ കൂട്ടുകാരന്റെ മതത്തിലായിരിക്കും. അതിനാൽ ഓരോരുത്തരും താൻ ആരുമായിട്ടാണ് കൂട്ടുകൂടുന്നതെന്ന് വിചിന്തനം ചെയ്യട്ടെ" (മുസ്‌ലിം).

നല്ല കൂട്ടുകാരനെയും ചീത്ത കൂട്ടുകാരനെയും കുറിച്ചുള്ള മനോഹരമായ ഉപമയാണ് മേലുദ്ധരിച്ച തിരുവചനം. നല്ല കൂട്ടുകാരനെ, ചുറ്റുപാടും സുഗന്ധം പ്രസരിപ്പിക്കുന്ന കസ്തൂരിവാഹകനോടാണ് പ്രവാചകൻ ഉപമിച്ചിരിക്കുന്നത്. കസ്തൂരിവാഹകനെ ഒരാളും വെറുക്കുകയില്ല. അയാളുടെ സാന്നിധ്യം തന്നെ എല്ലാവരെയും തൃപ്തരാക്കുന്നു. കടന്നുപോവുന്ന വഴികളിലെല്ലാം അയാൾ സുഗന്ധം നിറക്കുന്നു. അകലെയുള്ളവർക്കു പോലും അതിന്റെ സൗരഭ്യം ആസ്വദിക്കാൻ കഴിയും. അയാളുടെ സമീപത്തിരിക്കുന്നവർക്ക് മറ്റുള്ളവരേക്കാൾ അതനുഭവിക്കാൻ സാധിക്കുന്നു. മഹിതമായ മൂല്യങ്ങളും സ്വഭാവ ഗുണങ്ങളുമുള്ളവർ ഈ കസ്തൂരിവിൽപനക്കാരനെ പോലെയാണ്. ജീവിതവിശുദ്ധിയും തെളിഞ്ഞ സ്വഭാവചര്യകളും കൊണ്ട് അവർ തങ്ങളുടെ ചുറ്റുപാടുകളെ സുഗന്ധത്തിൽ മുക്കിക്കൊണ്ടിരിക്കും. അവരോട് കൂട്ടുകൂടാൻ ഭാഗ്യം ലഭിക്കുന്നവർക്ക് ആ വ്യക്തിത്വങ്ങളുടെ അനിർവചനീയമായ സൗരഭ്യം അനുഭവിച്ചറിയാൻ സാധിക്കുന്നു.

ചീത്ത കൂട്ടുകാരൻ ഉലയിൽ ഊതുന്നവനെ പോലെയാണ്. ഉലയിൽ ഊതുന്നിടത്ത് എപ്പോഴും തീപ്പൊരി പാറിക്കൊണ്ടിരിക്കുമല്ലോ. ചുറ്റുപാടുമുള്ള പച്ചപ്പിനെയെല്ലാം അത് കരിച്ചുകളയും. അങ്ങേയറ്റം സൂക്ഷ്മതയോടുകൂടിയല്ലാതെ ആർക്കും അവിടെ ചെന്നിരിക്കുക സാധ്യമല്ല; അല്ലെങ്കിൽ നിങ്ങളുടെ വസ്ത്രം കരിഞ്ഞുപോവുകയോ ശരീരത്തിൽ പൊള്ളലേൽക്കുകയോ ചെയ്തെന്നിരിക്കും. മാത്രമല്ല അവിടെ മാലിന്യങ്ങളും അഴുക്കുകളും തളംകെട്ടി കിടക്കുന്നുണ്ടാവും. സുഗന്ധത്തിനുപകരം ദുർഗന്ധമാവും അവിടെ അനുഭവപ്പെടുക. ചീത്ത കൂട്ടുകാരൻ ഇപ്രകാരമെല്ലാമാണ്. അവനോട് കൂട്ടുകൂടുന്നവരുടെ ജീവിതവിശുദ്ധിയും വ്യക്തിത്വവുമെല്ലാം തന്റെ ദുശ്ശീലങ്ങളുടെ തീക്കാറ്റുകൊണ്ട് അവൻ കരിച്ചുകളയുന്നു. അഴുക്കുകളും മാലിന്യങ്ങളും മറ്റുള്ളവരുടെ നേരെ എപ്പോഴും അവൻ വിസർജിച്ചുകൊണ്ടിരിക്കും. ഇത്തരക്കാരുമായി കൂട്ടുകൂടുന്നത്

സൂക്ഷിച്ചുവേണമെന്ന് ഉണർത്തുകയാണ് പ്രവാചകൻ(സ).

കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ പുലർത്തേണ്ട സൂക്ഷ്മതയെക്കുറിച്ച് ഇമാം ജഅ്ഫർ സ്വാദിഖ് പറയുന്നത് കാണുക: "കളവു പറയുന്നവൻ, വിഡ്ഢി, പിശുക്കൻ, ഭീരു, ദുർനടപ്പുകാരൻ എന്നിവരുമായി നീ കൂട്ടുകൂടരുത്. കളവ് പറയുന്നവൻ നിന്നെ വഞ്ചനയിൽ അകപ്പെടുത്തും. മരുഭൂമിയിൽ കാണപ്പെടുന്ന മരീചിക പോലെയായിരിക്കും അവൻ; അടുത്തുള്ളതിനെ അകലെയും അകലെയുള്ളതിനെ അടുത്തായും തോന്നിപ്പിക്കും. വിഡ്ഢിയിൽനിന്ന് ഒരു ഉപകാരവും നിനക്ക് ലഭിക്കുകയില്ല; ഉപകാരം ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചാൽതന്നെ ഉപദ്രവമായിട്ടായിരിക്കും അത് കലാശിക്കുക. പിശുക്കൻ, നിനക്കവനെ ഏറ്റവും ആവശ്യമുള്ള ഘട്ടത്തിൽ നീയുമായുള്ള ബന്ധം വിഛേദിക്കും. ഭീരു വിഷമഘട്ടങ്ങളിൽ നിന്നെ കൈവെടിയും. ദുർവൃത്തൻ, ഒരു നേരത്തെ ഊണിനോ അല്ലെങ്കിൽ അതിലും നിസ്സാരമായ വിലക്കോ നിന്നെ വിറ്റുകളയാൻ മടിക്കില്ല." കൂട്ടുകാരെ കുറിച്ച് ഖലീഫ മഅ്മൂൻ പറഞ്ഞതിപ്രകാരമാണ്: "കൂട്ടുകാർ മൂന്നു തരക്കാരാണ്. ഒരു വിഭാഗം ഭക്ഷണംപോലെയാണ്. അതില്ലാതെ ആർക്കും ജീവിക്കാൻ കഴിയുകയില്ല. മറ്റൊരു വിഭാഗം രോഗത്തിന് ഔഷധം എന്നതു പോലെയാണ്. ആവശ്യമുള്ള സമയത്ത് മാത്രം ഉപയോഗിക്കാം; എല്ലായ്പ്പോഴും ആവശ്യം വരികയില്ല. ഇനിയുമൊരു വിഭാഗം രോഗം പോലെയാണ്. അവരുടെ സാന്നിധ്യം ആരും ഇഷ്ടപ്പെടുകയില്ല. അത് പിടിപെട്ടാൽ ശരീരം താറുമാറായി പ്പോയതുതന്നെ."

ചുരുക്കത്തിൽ, സദ്വൃത്തരായ ആളുകളുമായിട്ടാണ് ഇടപഴകി ജീവിക്കേണ്ടത്. ദൈവസ്മരണയിൽനിന്നും ഇസ്‌ലാമിക സംസ്കാരത്തിൽനിന്നും ആരാധനാ കർമങ്ങളിൽനിന്നുമെല്ലാം വ്യതിചലിപ്പിക്കുന്ന സൗഹൃദങ്ങൾ നഷ്ടക്കച്ചവടമാണ്. മതനിഷ്ഠയുള്ള എത്രപേരെയാണ് ചങ്ങാത്തം നശിപ്പിച്ചുകളഞ്ഞിട്ടുള്ളത്! സുഹൃത്തുക്കളുടെ പ്രേരണമൂലം മോശമായ ശീലങ്ങൾക്ക് അടിപ്പെട്ട എത്ര പേരാണുള്ളത്! ദുഷിച്ച കൂട്ടുകെട്ട് നരകത്തിലെത്തിച്ച ഒരാളുടെ വിലാപം ഖുർആൻ ഇപ്രകാരം ഉദ്ധരിക്കുന്നു: "അക്രമി തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും: ഞാൻ ദൈവദൂതന്റെ കൂടെ ഒരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! ഹാ, കഷ്ടം! ഞാൻ ഇന്ന വ്യക്തിയെ കൂട്ടുകാരനാക്കിയില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! എനിക്ക് ഉദ്ബോധനങ്ങൾ വന്നുകിട്ടിയതിനു ശേഷം അവൻ എന്നെ വഴിതെറ്റിച്ചുകളഞ്ഞുവല്ലോ" (25: 27-29).

**ജഅ്ഫർ എളമ്പിലാക്കോട്**